മി. സ്പീക്കർ: ദയവായി ഇരിക്കണം.

ശ്രീ ടി. കെ. രാമകൃഷ്ണൻ: സർ, ഈ സംഭവത്തെ സംബന്ധിച്ച് ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: മറുപടി പറഞ്ഞില്ല.

ശ്രീ. കെ. കരുണാകരൻ: സ്വന്തം രക്ഷയ്ക്കുവേണ്ടി പോലീസിനെ സമീപിച്ചു., കളക്ടറെ സമീപിച്ചു എന്നിട്ടു സംരക്ഷണം കൊടുത്തില്ല. മനഃപൂർവം സംരക്ഷണം കൊടുക്കാതെ കൊന്നു എന്നുള്ളതാണ് ഗൗരവതര മായ കാര്യം. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത് ശ്രീ. കരുണാകരൻ പറഞ്ഞാൽ പോര. ഇതിനുമുമ്പ് ഈയാളുടെ പരാതിയിൻമേൽ രണ്ട് കേസുകളും എടുത്തിട്ടുണ്ട്. നടപടിയും ഉണ്ടായിട്ടുണ്ട്. പിന്നെ, സംരക്ഷണം കൊടുത്തില്ല എന്നൊക്കെ പറഞ്ഞാൽ?

ശ്രീ. കെ. കരുണാകരൻ: സംരക്ഷണം കൊടുത്താൽ ഇതുപോലെ തല്ലിക്കൊല്ലുമോ? നിർഭാഗ്യകരമായ സംഭവമാണ് സർ.

ശ്രീ. എം. പി. ഗംഗാധരൻ: ജനാർദ്ദനനെ കൊല്ലുമെന്ന് പരസ്യ പ്രസ്താവന മാർക്സിസ്റ്റ് പാർട്ടി നടത്തി. അത് കഴിഞ്ഞ് മൂന്നാം ദിവസമാണ് കൊന്നത്.

ശ്രീ. എൻ. സൂപ്പി: നേരിട്ട് കണ്ടവർ പുറത്ത് പറയാൻ മടിക്കുന്നു.

III. റിപ്പോർട്ട് സമർപ്പണം

പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. സി. എ. കുര്യൻ: സർ, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി യുടെ ഇരുപത്തിനാലും, ഇരുപത്തഞ്ചും, ഇരുപത്താറും, ഇരുപത്തേഴും ഇരുപത്തെട്ടും, ഇരുപത്തൊമ്പതും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

(1) 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ സമർപ്പി ക്കുന്നു. പ്രസ്തുത ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുകയും ഭേദഗതിയൊന്നും കൂടാതെതന്നെ റിപ്പോർട്ട് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ചർച്ച നല്ലതുപോലെ നടന്നതാണ് അതുകൊണ്ട് എനിക്ക് കൂടുതലൊന്നും പറയാനില്ല.

മി. സ്പീക്കർ: നോട്ടീസ് തന്ന ബഹുമാനപ്പെട്ട അംഗങ്ങളിലാരും സന്നിഹിതരായിട്ടില്ല.

The question that the Kerala Plantation Tax (Amendment) Bill, 1981 as reported by the Subject Committee be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill, was put and carried.

Clause 2 was added to the Bill.

Clause 3

ശ്രീ. സി. എ. കുര്യൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. 'ഇടക്കാല വ്യവസ്ഥ എന്ന ഖണ്ഡികയിൽ ''1981 ഏപ്രിൽ 1-ാം തീയതി മുതലാരംഭിക്കുന്ന ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക്'' എന്നതു മാറ്റി തൽസ്ഥാനത്ത് ''1981 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന ഏതൊരു കാലഘട്ടത്തേക്കും'' എന്നാക്കുക.

1981 ഏപ്രിൽ 1-ാം തീയതി മുതൽ ആരംഭിക്കുന്ന ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് ഏതെങ്കിലും വിഭാഗം തോട്ടത്തിന് ബാധകമല്ലാത്തതും അതിനുശേഷം പ്രസ്തുത വിഭാഗം തോട്ടത്തിന് അങ്ങനെയുള്ള കാലത്തേക്ക് ചുമത്താവുന്ന പ്ലാന്റേഷൻ നികുതിയുടെ നിരക്ക് താഴെ പറയുന്നവിധം ആയിരിക്കുന്നതുമാകുന്നു എന്നാണു ബില്ലിലുള്ളത്. ഒരു കൊല്ലത്തേക്കെന്നുള്ളത് ഏതൊരു കാലയളവിലേക്കുമെന്നാക്കാനാണ് എന്റെ ഭേദഗതി.

സർ, നമ്മുടെ തോട്ടം വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയെക്കുറിച്ച് ഈ സഭയിൽ വിശദമായ ചർച്ച നടന്നിട്ടുള്ളതുകൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ഇന്നുതന്നെ ഈ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു നിവേദകസംഘം ഡൽഹിയിൽ പ്രധാനമന്ത്രിയെ കാണുന്നുണ്ട്.. കേരളത്തിലെ കാർഷികോല്പന്നങ്ങൾക്കു ന്യായമായ വില കിട്ടുന്നില്ല. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളുടെ അടിസ്ഥാനത്തിലാണ് ആ സ്ഥിതിവിശേഷമുണ്ടായതെന്നു ചൂണ്ടിക്കാണിക്കുമ്പോഴത്തന്നെ തേയിലയ്ക്ക് ന്യായമായ വില കിട്ടുന്നില്ല എന്ന യാഥാർത്ഥ്യവും ഉണ്ട്. ഈ സഭ ഇതു ചർച്ച ചെയ്ത അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞത് ആ വ്യവസായത്തെ നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ ചില റിലീഫുകൾ കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുവെന്നും കൂടുതൽ റിലീഫിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുവെന്നും ആണ്. അതിനാവശ്യമായ ചർച്ചകൾ നടത്തിയിട്ടുമുണ്ട്. ഇന്നു തോട്ടം വ്യവസായം ഗുരുതരമായ

LIBRARY ARCHIVES Kerala Legislative Assembly

പൊട്ടിത്തെറിയുടെ വക്കിലാണ്. തോട്ടം തൊഴിലാളികൾക്കു കിട്ടേണ്ട ന്യായമായ അവകാശങ്ങൾ ഇന്നത്തെ ഗുരുതരമായ പ്രതിസന്ധിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഉടമകൾ നിഷേധിക്കുന്നു. പീരുമേട്ടിലെ ആർ. ബി. റ്റി. കമ്പനി പത്തുപതിനായ്യായിരം വരുന്ന തൊഴിലാളികൾക്ക് ചെലവുകാശു കൊടുക്കുന്നില്ല. ബോണസ് കൊടുക്കുന്നില്ല. ന്യായമായ അവകാശങ്ങളൊന്നും കൊടുക്കുന്നില്ല. പീരുമേട്ടിൽ മാത്രമല്ല, ദേവികുളത്തു തലയാർ കമ്പനി കൊടുക്കുന്നില്ല, വയനാട്ടിലെ പല കമ്പനികളും കൊടുക്കുന്നില്ല. ഈ പ്രശ്നങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിലെ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും വ്യവസായത്തിലെ പ്രതിസന്ധിയുടെ കാര്യമാണു പറയുന്നത്. അങ്ങനെയുള്ള ലേബർ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരോട് പറഞ്ഞാൽ ഈ വ്യവസായത്തിൽ പ്രതിസന്ധിയുണ്ടെന്നു ചൂണ്ടിക്കാണിച്ച് തൊഴിലാളികളുടെ അവകാശങ്ങൾപോലും നിഷേധിക്കുന്ന സാഹചര്യം ചെറുതായി രൂപംകൊണ്ടുവന്നിരിക്കുകയാണ്. ഈ പ്രതിസന്ധിയിൽ തൊഴിലാളികൾമാത്രം ത്യാഗം സഹിക്കണമെന്ന് ആരെങ്കിലും പറഞ്ഞാൽ .....

ശ്രീ. ആര്യാടൻ മുഹമ്മദ്: ലേബർ ഡിപ്പാർട്ടുമെന്റിലെ ഏതുദ്യോഗസ്ഥനാണ് പ്രതിസന്ധിയുള്ളതുകൊണ്ട്. ബോണസും മറ്റും കിട്ടാൻ പ്രയാസമുണ്ടെന്നു പറഞ്ഞത് എന്നു ബഹുമാനപ്പെട്ട മെംബർക്കു പറയാമോ?

ശ്രീ. സി. എ. കുര്യൻ: ലേബർ ഡിപ്പാർട്ടുമെന്റിലെ പ്രശ്നങ്ങൾ മന്ത്രിക്കുതന്നെ അറിയാം. ഒരു വാദഗതിയിലേക്കു കടക്കേണ്ട ആവശ്യമില്ല. പീരുമേട്ടിൽ ബഹുമാനപ്പെട്ട മന്ത്രി ചെന്ന അവസരത്തിൽ മനസ്സിലായിട്ടുള്ളതാണ്. രണ്ടുമൂന്നുമാസമായി അവർക്കു ചെലവുകാശു കൊടുക്കുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രശ്നം അതല്ല. ബഹുമാനപ്പെട്ട മെംബർ പറഞ്ഞു, കാര്യങ്ങളുന്നയിച്ചാൽ വ്യവസായത്തിൽ പ്രതിസന്ധിയുണ്ടെന്ന കാരണം പറഞ്ഞ്, ലേബർ ഡിപ്പാർട്ടുമെന്റ് ആ കാര്യങ്ങൾ നടത്താതിരിക്കുന്നു എന്ന്. ഗവൺമെന്റ് അങ്ങനെയൊന്നു പറഞ്ഞിട്ടില്ല, ആ നിലപാടു ഗവൺമെന്റ് സ്വീകരിച്ചിട്ടുമില്ല. ആ നിലപാട് ഗവൺമെന്റിനില്ല.

ശ്രീ. സി. എ. കുര്യൻ: ഞാൻ ഒരു വിവാദത്തിനു തയ്യാറല്ല. ഏഴു മാസത്തെ ശമ്പളക്കുടിശ്ശിക പല തോട്ടങ്ങളിലും കൊടുത്തിട്ടില്ല. അതുപോലെ, വകുപ്പുമന്ത്രിക്കു നേരിട്ടറിയാം, ശമ്പളം കൊടുക്കുന്നില്ല, ബോണസ് കൊടുക്കുന്നില്ല. ബോണസ് $8\frac{1}{3}$ ശതമാനമെന്നൊക്കെയുണ്ട്. പക്ഷേ കൊടുക്കുന്നില്ല. തീരുമാനിക്കുന്നില്ല. ഇതിനൊക്കെ കാരണം ചൂണ്ടിക്കാണിക്കുന്നതു വ്യവസായത്തിലെ പ്രതിസന്ധിയാണ്. പ്രതിസന്ധി തരണംചെയ്യാൻ ഗവൺമെന്റു ചില വിട്ടുവീഴ്ചകൾ ചെയ്യണം. അതു നോക്കുമ്പോൾ പ്ലാന്റേഷൻ ടാക്സിനെ സംബന്ധിച്ച് ഇന്നത്തെ സ്ഥിതിയെന്താണ്? വേണ്ടിവന്നാൽ ചില റിലീഫുകൾ കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിനു കഴിയണം. നിയമം നടപ്പിലായാൽ നിയമംമുഖേന അതു ചെയ്യാൻ സൗകര്യമുണ്ടാകണം. അങ്ങനെയായാൽ, റിലീഫ് കൊടുക്കണമെന്നു ഗവൺമെന്റു തീരുമാനിച്ചാൽ മതി; ഗവൺമെന്റിനു ബോധ്യമുണ്ടായാൽ മതിയാകും. പക്ഷേ നിയമം പാസായിക്കഴിഞ്ഞാൽ 1981 ഏപ്രിൽ മാസം 1-ാം തീയതിമുതൽ തുടങ്ങുന്ന ഒരു വർഷത്തിൽ കവിയാതെ എന്നു പറയുമ്പോൾ ചുരുങ്ങിയ കാലയളവേയുള്ളൂ. അതും പ്ലാന്റേഷൻ നികുതി സംബന്ധിച്ച് ഏക്കറിന് 20 രൂപയുടെ വ്യത്യാസമേയുള്ളൂ. അതുകൊണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ഒരു വർഷത്തിൽ കവിയാതെ എന്നതിനുപകരം ഏതു കാലയളവിലേക്കു ഗവൺമെൻറിൽ ആ അവകാശം നിക്ഷിപ്തമായിരിക്കണം. ഗവൺമെൻറ് തീരുമാനിക്കട്ടെ. അത്യാവശ്യസന്ദർഭം വരുമ്പോൾ അതിന് ഗവൺമെൻറിന് അധികാരമുണ്ടായിരിക്കണമെന്നാണുദ്ദേശിക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.പി. എസ്. ശ്രീനിവാസൻ: സർ, സഖാവു കുര്യൻ ഇവിടെ ഉന്നയിച്ചതുപോലെ തേയിലവ്യവസായം വളരെ പ്രയാസത്തിൽകൂടി കടന്നുപോകുകയാണ്. തൊഴിലാളികൾക്കു വളരെ പ്രയാസങ്ങളുണ്ടുതാനും. അതു പരിഹരിക്കാൻ വളരെ ഗൗരവപൂർവമുള്ള ചർച്ചകൾ സംസ്ഥാന ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലും കേന്ദ്രഗവൺമെൻറിൻെറ പ്രതിനിധികളുംപ്പെടെയുള്ളവരുമായും എല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. വ്യക്തമായ തീരുമാനമായിട്ടില്ല. പ്രധാനമായും സഹായിക്കേണ്ടതു കേന്ദ്രഗവൺമെൻറാണ്. സംസ്ഥാന ഗവൺമെൻറിൻെറ പരിധിക്കുള്ളിൽ ചെയ്യാവുന്ന കാര്യങ്ങൾ സംസ്ഥാന ഗവൺമെൻറു ചെയ്യും. അതിന് ഇതു ബാധകമായി വരികയില്ല. ഈ ഗവൺമെൻറിനു ചെയ്യാനാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ബില്ലിലെ ഈ വകുപ്പിനെക്കുറിച്ചാണെങ്കിൽ, ഒരു കൊല്ലത്തേക്കുള്ള ആനുകൂല്യത്തിനാണു വ്യവസ്ഥയെന്നതു ശരിയാണ്. ബഹു. കുര്യൻ പറയുന്നത്, ഒരു കൊല്ലമെന്ന പരിധി എടുത്തുകളഞ്ഞ്, എപ്പോൾവേണമെങ്കിലും ചെയ്യത്തക്കവിധത്തിലുള്ള വ്യവസ്ഥ ചേർക്കണമെന്നാണ്. തൽക്കാലം അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരു കൊല്ലത്തേക്ക് ഈ പ്രയാസം ഉണ്ടെങ്കിൽ അതിനുവേണ്ട കാര്യങ്ങൾ ഇതനുസരിച്ചു ചെയ്യാം. പിന്നെ ആവശ്യമുണ്ടെങ്കിൽ ഗവൺമെൻറിന് എപ്പോൾ വേണമെങ്കിലും നടപടികളെടുക്കത്തക്കവിധത്തിൽ ഈ നിയമസഭയുടെയും ഈ ഗവൺമെൻറിൻെറയും പരിധിയിൽപ്പെട്ട കാര്യങ്ങൾതന്നെയാണ്. അതുകൊണ്ട് അങ്ങനെയൊരാശങ്കയുടെ കാര്യമില്ല. ഇപ്പോൾ നിലവിലുള്ള വ്യവസ്ഥതന്നെ മതി. ഭേദഗതി പ്രസ്സു ചെയ്യരുതെന്ന് അപേക്ഷിക്കുന്നു.

The Amendment moved by Shri. C. A. Kurian was, by leave, withdrawn.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause I Preamble and Title

The question that Clause I, Preamble and Title stand part of the Bill was put and carried.

Clause I, Preamble and Title were added to the Bill.

റവന്യൂവും മത്സ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 1981 ലെ കേരളം പ്ലാൻേറഷൻ നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister of Irrigation (Dr. A. Subha Rao):

Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

The question that the Kerala Plantation Tax (Amendment) Bill, 1981 as reported by the Subject Committee, be finally passed was put and carried.

The Bill was finally passed.

(2) 1981-ലെ കേരള വനം (ഭേദഗതി) ബിൽ (തുടർച്ച)

ശ്രീ. കെ. ശിവദാസൻ: സർ, സാമ്പത്തികശേഷിയുള്ള വിഭാഗങ്ങൾക്ക് നികുതി ഈടാക്കേണ്ടതാവശ്യമാണെങ്കിലും ഇങ്ങനെയൊരു നിയമം കൊണ്ടു വരുന്നതിന് ധാർമ്മികമായ ശക്തി ഏതെങ്കിലും ഗവൺമെൻറിനു ഉണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. നമ്മുടെ രാജ്യത്തെ ഗവൺമെൻറിനുള്ള ഏറ്റവും വലിയ വരുമാനമാർഗ്ഗമാണ് വനം. പക്ഷെ നമ്മുടെ രാജ്യത്തെ കുറേ ആളുകൾ വേഗം പണക്കാരാകാനുള്ള ചില മാർഗ്ഗങ്ങളും സ്വീകരിക്കുന്നുണ്ട്. വനം കൊള്ള, കള്ളനോട്ടടി, വിഗ്രഹമോഷണം ഇതെല്ലാം ഇതിൽ പെടും. രാജ്യത്തിൻെറ ഏറ്റവും വലിയ ധനാഗമമാർഗ്ഗം മാത്രമല്ല രാജ്യത്തിൻെറ എക്കോളജിക്കൽ സിറ്റുവേഷൻ എല്ലാം നിലനിറുത്തുന്നതിന് ആവശ്യമായ ഈ വനം നിലനിറുത്തുവാൻ മണിയങ്ങാടൻ കമ്മിറ്റിപോലുള്ള എത്ര കമ്മിറ്റികൾ, എത്ര റിപ്പോർട്ടുകളാണ് ഇവിടെ ഹാജരാക്കപ്പെട്ടിട്ടുള്ളത്. ഈ കമ്മിറ്റികളുടെ ഏതെങ്കിലും റിപ്പോർട്ടുകൾ നടപ്പിലാക്കി ഈ വനം സംരക്ഷിക്കുന്നതിന് ഇന്നുവരെ ഏതെങ്കിലും ഗവൺമെൻറുകൾക്ക് കഴിഞ്ഞിട്ടുണ്ടോ? ജനങ്ങളോട് ഈ വനങ്ങൾ നിലനിറുത്തുന്നതിന് നികുതി ആവശ്യപ്പെടുന്നതിന് ധാർമ്മികമായ ശക്തി ഗവൺമെൻറിനു ഉണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. ഈ ഗവൺമെൻറിൻെറ കാലത്ത് വനം കൊള്ള അധികരിച്ചു എന്നല്ല ഞാൻ പറയുന്നത്. സ്വയം നിലനിൽക്കാൻ കഴിയുന്ന വരുമാന മാർഗ്ഗങ്ങൾ ഉള്ളതാണ് വനം. ഇക്കാലമത്രയും വമ്പിച്ച വിഭവ ശേഷി ഉള്ള വനം ആളുകൾ കൊള്ളയടിച്ചുകൊണ്ടുപോയതിൻെറ ഫലമായി അതിൽനിന്നും ഉള്ള വരുമാനംകൊണ്ട് ഇനി വനം നിലനിറുത്തുന്നതിന് കഴിയാത്തതുകൊണ്ട് ജനങ്ങൾ നികുതി കൊടുത്ത് വനം നിലനിറുത്തണമെന്നുപറയുന്നത് ധാർമ്മികമായ നീതിയല്ല. പാവപ്പെട്ടവൻ അല്ലെങ്കിൽ പണക്കാരൻ വാങ്ങിക്കുന്നതാണ് തടി. അത് കുറുന്തോട്ടിയായാലും ആത്യന്തികമായി കൺസ്യൂമേഴ്സിനെ ബാധിക്കുമെന്നുള്ളതാണ് സത്യം. ഇന്ത്യയിൽ ആകെ മൊത്തം വിഷമത്തിലായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കൂടെ വനം സംരക്ഷിക്കാൻകൂടി നികുതി ഈടാക്കണമോയെന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അവധാനപൂർവം ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമമനുസരിച്ചുഫോറസ്റ്റ് പ്രൊഡ്യൂസിനെ സംബന്ധിച്ചിടത്തോളം ഉള്ള നിർവ്വചനം ഫോറസ്റ്റ് ആക്റ്റിൽ പറഞ്ഞിട്ടുള്ളത് മാറുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് വീറകിനും കുറുന്തോട്ടിക്കും എല്ലാം നികുതി കൊണ്ടുവരാൻ പോകുന്നില്ലെന്നാണ് വിശ്വാസം. എന്നിരുന്നാലും അത് കൊണ്ടുവരുന്നതിനുമുമ്പ് ഗവൺമെൻറ് ഒരു ഉറപ്പ് വരുത്തേണ്ടതുണ്ട്. ഈ കമ്മിറ്റികളുടെ റിപ്പോർട്ടുകളിൽ അതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഈ ഫോറസ്റ്റുകൾ സംരക്ഷിക്കുന്നതിനുവേണ്ടി പോലീസ് സ്റ്റേഷനുകളിൽ കേഡികളെ സൂക്ഷിക്കുന്നതുപോലെ സ്ഥിരമായി വനം കൊള്ള നടത്തുന്ന ആളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അവരുടെ മൂവ്മെൻറ് ശദ്ധിക്കണമെന്നാണ് അതിനുവേണ്ടി നിയുക്തമായ കമ്മറ്റികൾ റിപ്പോർട്ടു ചെയ്തിട്ടുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly